3. എറണാകുളം മേഖലാ യൂണിയൻ:

| | | |
|---|---|---|
| ഹെഡ് ഓഫീസ് | .. | 51 പേർ, |
| എറണാകുളം ഡയറി | .. | 307 ,, |
| തൃശ്ശൂർ ഡയറി | .. | 125 ,, |
| കോട്ടയം ഡയറി | .. | 92 ,, |
| കട്ടപ്പന ഡയറി | .. | 17 ,, |
| പ്രോഡക്ട്സ് ഡയറി | .. | 19 ,, |
| മിൽക്ക് ചില്ലിംഗ് പ്ലാന്റ്, മൂവാറ്റുപുഴ | .. | 13 ,, |
| മിൽക്ക് ചില്ലിംഗ് പ്ലാന്റ്, ചാലക്കുടി | .. | 13 ,, |
| മിൽക്ക് ചില്ലിംഗ് പ്ലാന്റ്, മരങ്ങാട്ടുപള്ളി | .. | 10 ,, |
| മിൽക്ക് ചില്ലിംഗ് പ്ലാന്റ്, മൂന്നാർ | .. | 9 ,, |
| മിൽക്ക് ചില്ലിംഗ് പ്ലാന്റ്, അടിമാലി | .. | 9 ,, |
| ആകെ | .. | 665 ,, |

4. തിരുവനന്തപുരം മേഖലാ യൂണിയൻ:

| | | |
|---|---|---|
| ഹെഡ് ഓഫീസ് | .. | 34 ,, |
| തിരുവനന്തപുരം ഡയറി | .. | 287 ,, |
| കൊല്ലം ഡയറി | .. | 161 ,, |
| പത്തനംതിട്ട ഡയറി | .. | 18 ,, |
| മാക്കാർ ചില്ലിംഗ് പ്ലാന്റ് | .. | 16 ,, |
| മാർക്കറ്റിംഗ് സെൽ, ആലപ്പുഴ | .. | 16 ,, |
| പി & ഐ വിംഗ് | .. | 68 ,, |
| ആകെ | .. | 600 ,, |

(സി) അതെ.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

## മൃഗസംരക്ഷണ മേഖലയിലെ ഗ്രാമീണ പശ്ചാത്തല വികസനനിധി

146 [2598] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ നബാർഡിന്റെ പശ്ചാത്തല വികസനനിധി ഇനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ സംസ്ഥാനത്തെ ബഡ്ജറ്റ് വിഹിതം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) 2006-07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനേക്കാൾ എത്ര തുകയുടെ കുറവാണ് 2008-09-ലെ ബഡ്ജറ്റ് വിഹിതത്തിൽ ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

| | | | |
|---|---|---|---|
| (എ) | 2006-07 (4403-00-800-97) | .. | 2000 ലക്ഷം രൂപ |
| | 2007-08 | .. | 600 ലക്ഷം രൂപ |
| | 2008-09 | .. | 200 ലക്ഷം രൂപ |

(ബി, സി) നബാർഡ് വിഹിതത്തിൽ 1800 ലക്ഷം രൂപയുടെ കുറവു വന്നിട്ടുണ്ട്. നബാർഡിന് സമർപ്പിച്ച പ്രപ്പോസലിന് അംഗീകാരം ലഭിക്കാത്തതിനാലാണ് ബഡ്ജറ്റ് വിഹിതത്തിൽ കുറവു വന്നത്. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ മൊത്തം ബഡ്ജറ്റ് വിഹിതത്തിൽ 2006-07-നെ അപേക്ഷിച്ച് 2008-09-ൽ 2593.24 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ട്.

കോഴിയിറച്ചി/മാട്ടിറച്ചി/മുട്ട എന്നിവയുടെ വില നിർണ്ണയം

147 [2599] ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമാർക്കറ്റിൽ വിൽക്കപ്പെടുന്ന കോഴിയിറച്ചി/മാട്ടിറച്ചി/മുട്ട എന്നിവയുടെ വില നിർണ്ണയത്തിനും വില നിലവാരത്തിലും ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം നിലവിൽ ഉണ്ടോ;

(ബി) പൂർണ്ണമായും കമ്പോള ശക്തികൾ നിയന്ത്രിക്കുന്ന ഈ മേഖലയിലെ വില നിലവാരത്തിലെ ചൂഷണവും അനിശ്ചിതത്വവും അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കോഴി/മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വില നിലവാരം നിയന്ത്രിക്കാൻ പര്യാപ്തമായ നിയമം നിലവിലില്ല.

(ബി) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ഉത്സവ കാലയളവുകളിൽ സപ്ലൈകോയുമായി ചേർന്ന് വിൽപ്പനശാലകൾ തുറന്ന് വില നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനു പുറമെ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഇന്റഗ്രേഷൻ വ്യവസ്ഥയിലൂടെ അന്യസംസ്ഥാന കുത്തക കമ്പനികളുമായി മത്സരിച്ച് തിരുവനന്തപുരം ജില്ലയിൽ ഒരു പരിധി വരെ വിപണി ഇടപെടൽ സാദ്ധ്യമാക്കിയിട്ടുണ്ട്.

(സി) മുട്ടയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, കൂടുതൽ മാതൃ പിതൃ ശേഖരത്തെ വളർത്തി കുടുതൽ മുട്ട, കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച്